"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്‌ട്രിക്കൽ ഇൻസ്പക്ടറേറ്റ് - വിജിലൻസ് & ആന്റി കറപ്‌ഷൻ ബ്യൂറോ കാസറഗോഡ് യൂണിറ്റ് കാസറഗോഡ് ഇലക്‌ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കാര്യാലയത്തിൽ നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ട് - ശ്രീ.ജ്യോതിഷ് കെ.പി, ഇലക്‌ട്രിക്കൽ ഇൻസ്പെക്ടർ, ശ്രീമതി. പൂർണ്ണിമ എ, ഡെപ്യൂട്ടി ഇലക്‌ട്രിക്കൽ ഇൻസ്പെക്ടർ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.14/2024/POWER തീയതി,തിരുവനന്തപുരം, 13-01-2024

---

പരാമർശം:-

1. വിജിലൻസ് & ആന്റികറപ്‌ഷൻ ബ്യൂറോ ഡയറക്ടറുടെ 02.06.2022-ലെ ഇ18(എസ്.സി.36/2021/കെ.എസ്.ഡി.) 21633/2021 നമ്പർ കത്ത്.

2. ശ്രീ.ജ്യോതിഷ് കെ.പി, ഇലക്‌ട്രിക്കൽ ഇൻസ്പെക്ടർ, ശ്രീമതി. പൂർണ്ണിമ എ, ഡെപ്യൂട്ടി ഇലക്‌ട്രിക്കൽ ഇൻസ്പെക്ടർ എന്നിവർക്ക് നൽകിയ 25.07.2023-ലെ PWR-A3/219/2022-POWER നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.

3. ചീഫ് ഇലക്‌ട്രിക്കൽ ഇൻസ്പെക്ടർക്ക് അയച്ച 31.07.2023-ലെ PWR-A3/219/2022-POWER നമ്പർ കത്ത്.

   ചീഫ് ഇലക്‌ട്രിക്കൽ ഇൻസ്പെക്ടറുടെ (ഇൻ ചാർജ്ജ്) 25.09.2023-ലെ സി.ഇ.ഐ/8580/2023-ഇ2 നമ്പർ കത്തും ആയതു മുഖാന്തിരം

4. സർക്കാരിൽ ലഭ്യമായ, ശ്രീ.ജ്യോതിഷ് കെ.പി 24.08.2023-നും, ശ്രീമതി. പൂർണ്ണിമ എ 25.08.2023-നും സമർപ്പിച്ചിരുന്ന പ്രതിവാദ പത്രികകൾ.

**ഉത്തരവ്**

കാസറഗോഡ് ഇലക്‌ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ഓരോ കാര്യത്തിനും 1000/- രൂപ വരെ കൈക്കൂലി പിരിക്കുന്നതായും അവ ആ സ്ഥാപനത്തിലെ ഓരോ സ്റ്റാഫുകൾക്കും വീതിച്ചു നൽകുന്നുണ്ടെന്നും മറ്റുമുള്ള സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 29.12.2021-ന് വിജിലൻസ് & ആന്റി കറപ്‌ഷൻ ബ്യൂറോയുടെ കാസറഗോഡ് യൂണിറ്റ് കാസറഗോഡ് ജില്ലാ ഇലക്‌ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ മിന്നൽ പരിശോധന നടത്തി പരാമർശം 1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2) പ്രസ്തുത മിന്നൽ പരിശോധനാ റിപ്പോർട്ടിൽ ചുവടെപ്പറയുന്ന വസ്തുതകൾ റിപ്പോർട്ട് ചെയ്തിരുന്നു.

1. കാസറഗോഡ് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസിൽ ജീവനക്കാരുടെ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചതായി കാണപ്പെട്ടിട്ടില്ലാത്തതാണ്.
2. ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി ഓൺലൈനായും നേരിട്ടും ലഭിക്കുന്ന അപേക്ഷകൾ ഓരോന്നും തരംതിരിച്ച് ഓരോ വിഭാഗം അപേക്ഷകൾക്കും പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിച്ചുവെക്കാത്തതിനാൽ അപേക്ഷകളിൽ പലതും തീർപ്പു കല്പിക്കാതെ യാതൊരു അടുക്കും ചിട്ടയും ഇല്ലാതെ കെട്ടിവെച്ചതായി കാണപ്പെട്ടിട്ടുള്ളതാണ്.
3. ഓഫീസിൽ കാഷ്വൽ ലീവ് രജിസ്റ്റർ കൃത്യമായി എൻട്രി ചെയ്ത് സൂക്ഷിച്ചതായി കാണപ്പെട്ടിട്ടില്ലാത്തതാണ്.

3) മിന്നൽ പരിശോധനാ റിപ്പോർട്ടിൽ ഭരണ വകുപ്പ് മുഖേന ചുവടെ പറയുന്ന അനന്തര നടപടികൾ സ്വീകരിക്കുന്നതിന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

1. ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ മുഴുവനായും ഓൺലൈൻ വഴി സ്വീകരിക്കുന്നതിനും വിവിധ സേവനങ്ങൾക്കായി ലഭിക്കുന്ന അപേക്ഷകൾ തരംതിരിച്ച് ഓരോ വിഭാഗം അപേക്ഷകൾക്കും പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും സ്വീകരിച്ച അപേക്ഷകളിന്മേൽ എത്രയും വേഗം തീർപ്പു കല്പിക്കുന്നതിനും വേണ്ട നിർദ്ദേശം നൽകേണ്ടതാണ്.
2. ഒന്നാമത്തെ അപാകതയ്ക്ക് ഉത്തരവാദിയായ ഓഫീസ് മേലധികാരിയായ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ജ്യോതിഷ് കെ.പി., (പെൻ 242040, വിരമിക്കുന്ന തീയതി 31.05.2029) എന്നയാൾക്കെതിരെ ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഓഫീസിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
3. ഓഫീസിലെ ജീവനക്കാരുടെ കാഷ്വൽ ലീവ് രജിസ്റ്റർ കൃത്യമായി എൻട്രി ചെയ്യാത്തതിനും ലീവ് അപേക്ഷകൾ ശരിയായ വിധത്തിൽ സൂക്ഷിച്ചു വെക്കാത്തതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരായ ശ്രീ.ജ്യോതിഷ് കെ.പി. ഇലക്ട്രിക്കൽ ഇൻസ്പക്ടറുടെയും ശ്രീമതി.പൂർണ്ണിമ എ, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെയും പേരിൽ വകുപ്പുതല നടപടിക്ക് നിർദ്ദേശം നൽകേണ്ടതാണ്.

4) മേൽപ്പറഞ്ഞ അപാകതകൾ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ചയായതിനാൽ ശ്രീ.ജ്യോതിഷ് കെ.പി. ഇലക്ട്രിക്കൽ ഇൻസ്പക്ടർക്കും ശ്രീമതി.പൂർണ്ണിമ എ, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്കുമെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. ആയതിന് പരാമർശം 4) പ്രകാരം ടി ഉദ്യോഗസ്ഥർ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

5) മനഃപ്പൂർവ്വമായി വീഴ്ച വരുത്തിയിട്ടില്ലെന്നും വിജിലൻസ് ഉദ്യോഗസ്ഥർ സൂചിപ്പിച്ചതിൻ പ്രകാരമുള്ള വീഴ്ചകൾ വിജിലൻസ് പരിശോധനയുടെ പിറ്റേ ദിവസം

തന്നെ പരിഹരിച്ചതായും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ജ്യോതിഷ് കെ.പി-യും, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.പൂർണ്ണിമ എ-യും പരാമർശം 4) പ്രകാരമുള്ള പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.

6) കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായ പിഴവുകൾ മനഃപ്പൂർവ്വമല്ലാതെ സംഭവിച്ചതിനാലും ടി ഉദ്യോഗസ്ഥർക്കെതിരെയുള്ള ആദ്യത്തെ ആരോപണമായതിനാലും ആയത് പരിഗണിച്ച് മാപ്പാക്കണമെന്നും ടി ഉദ്യോഗസ്ഥരെ കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കി ആയതിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിക്കണമെന്നുമുള്ള ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ (ഇൻ ചാർജ്ജ്) പരാമർശം 4) ലെ ശിപാർശ പരിഗണിച്ചും വിജിലൻസ് ഉദ്യോഗസ്ഥർ സൂചിപ്പിച്ചതിൻ പ്രകാരമുള്ള വീഴ്ചകൾ വിജിലൻസ് പരിശോധനയുടെ പിറ്റേ ദിവസം തന്നെ പരിഹരിച്ചതായും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ജ്യോതിഷ് കെ.പി-യും, ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീമതി.പൂർണ്ണിമ എ-യും പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ പരിഗണിച്ചും ടി രണ്ട് ജീവനക്കാർക്കുമെതിരെ സർക്കാർ സ്വീകരിച്ചു വരുന്ന വകുപ്പുതല അച്ചടക്ക നടപടി, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (1) (i)-ൽ അനുശാസിക്കുന്ന ലഘു ശിക്ഷയായ 'താക്കീത്' നൽകി തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
വിജിലൻസ് (ഡി) വകുപ്പ് (22.12.2023-ലെ U.O No.വിജി-ഡി2/141/2022-വിജി)
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 16-01-2024 19:40:36
സെക്ഷൻ ഓഫീസർ